## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2824

20/03/2015 ൽ
മറുപടി നൽകേണ്ടിയിരുന്നത്

### കൽപ്പറ്റ പടിഞ്ഞാറത്തറ കാപ്പിക്കളം പ്രദേശത്തെ കൈവശ ഭൂമിക്ക് പട്ടയം

| ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ വില്ലേജിൽപ്പെട്ട കാപ്പിക്കളം പ്രദേശത്തെ 34 കുടുംബങ്ങളുടെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| ബി) | റീ സർവ്വേയ്ക്ക് മുൻപ് ഈ ഭൂമി ആരുടെ കൈവശമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | ബി) | റീ സർവ്വേയ്ക്ക് മുൻപ് ഈ ഭൂമി നിലവിലെ കൈവശക്കാരുടെയും ടി കൈവശക്കാരുടെ മുൻഗാമികളുടേയും കൈവശത്തിലായിരുന്നു. |
| സി) | റീ സർവ്വേയ്ക്ക് ശേഷം ഈ ഭൂമി ഏത് ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ; | സി) | റീ സർവ്വേയ്ക്ക് ശേഷം "സർക്കാർ (ഗവൺമെന്റ്)" എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിമാർക്സ് കോളത്തിൽ 16 പേരുടെ പേരുകൾ ചേർത്തിട്ടുള്ളതായി കാണുന്നു. |
| ഡി) | റീ സർവ്വേ അപാകതകൾ പരിഹരിച്ച് കൈവശക്കാർക്ക് ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | റീ സർവ്വെ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ